# I PU MODEL PAPER
## MALAYALAM

**Time 3hrs** **Marks 100**

**I ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(1x5=5)**

.
1. സംസാരകാരിണിയായതെന്ത് ?
   [അവിദ്യ, വിദ്യ,നാടകം ]
2. ഗാനമായ തേൻ കുടിക്കാൻ വന്നതാര്?
   [ഷട്പദമാലകൾ ,മാൻ, മീൻ ]
3. കുട്ടി ചൂണ്ടിക്കാട്ടിയതാരെ?
   [ഭിക്ഷാർത്ഥി ബാലകനെ, നടനെ, രാജാവിനെ]
4. . ബ്രസീലിൽ കൊതുകു പരത്തിയ വിപത്തെന്ത്?
   [ചുമ, പനി, മലമ്പനി]
5. പാതയിക്കരയിൽ വി.ടിക്ക് ഓത്തു ചൊല്ലിക്കൊടുത്തതാര്?
   [രാമൻ,മേലേടം ,മുതുകുറുശ്ശി]

**II ചേരും പടി ചേർക്കുക** **(1x5=5)**

6. നാരായണഗുരു – നാലുകെട്ട്
7. രാഷ്ട്രഭാഷ – സോപാനം
8. ബാലമണിയമ്മ – ഹിന്ദി
9. എസ്.കെ – ഒരു ജതിഒരുമതം ഒരു ദൈവം മനുഷ്യന്.
10. എം.ടി – സഞ്ചാരസാഹിത്യം

**III വിട്ടഭാഗം പൂരിപ്പിക്കുക** **(1x5=5)**

11. വെൺമുകിലിനെ ------ഉപമിച്ചിരിക്കുന്നു.
12. ------പ്രേതം കണക്കെ വളരുന്നു.
13. വനജ്യോത്സ്ന-----വളരുന്നു.
14. ---- കഥയാണ കരുണ്
15. ------ സ്വത്തിനെക്കാൾ വിലപിടിച്ച മൂലധനമാണ്.

**IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **(1x5=05)**

16. ശരീരത്തിൽ മോഹം വെക്കുന്നവർക്ക് പിന്നീടുണ്ടാകുന്ന ഗതിയെന്ത് ?
17. രാഗത്തെ കേട്ടപ്പോൾ കാളിന്ദി നദി എന്തു ചെയ്തു?
18. ജീവിതത്തിനെപ്പോലെ നിർവ്വചിക്കാൻ പ്രയാസമുള്ളതെന്ത്?
19. മലബനിക്കു കാരണമായിത്തീരുന്നതാര് ?
20. കടുഗണ്ണാവ എന്ന വാക്കിൻെറ അർഥമെന്ത്?

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (പത്തെണ്ണത്തിന്)** **(2x10=20)**

21. കേകിനിരകൾ വേണുഗാനം ആസ്വദിച്ചതെങ്ങിനെ?
22. ജീവിതത്തെപ്പോലെ നിർവ്വചിക്കാൻ പ്രയാസമുള്ളതെന്ത് ?
23. വിദ്യയെയും അവിദ്യയെയും കുറിച്ചുള്ള രാമൻെറ അഭിപ്രായമെന്ത്
24. അധഃപതനം ഹാസ്യത്തിനു കാരണമാകുന്നതെങ്ങിനെ?
25. കള്ളിമുള്ളിൻെറ ഉപദ്രവത്തെ തടയാൻ കണ്ടെത്തിയ മാർഗ്ഗമെന്ത്?
26. അതിശയീകരണം ഹാസ്യത്തിനു കാരണമാകുന്നങ്ങിനെ?
27. ജലാശയങ്ങളിൽ എണ്ണയൊഴിച്ചാലും ചില കൊതുകിൻകുഞ്ഞുങ്ങൾ ചാകാത്തതെന്തുകൊണ്ട്?
28. ഏകലവ്യൻ ആരായിരുന്നു?
29. യുദ്ധത്തെക്കുറിച്ച് ഷെല്ലി പറഞ്ഞതെന്ത് ?
30. വേണുഗോപലാൽ വന്നേരിയിലേക്കു പോകാൻ താല്പര്യം പ്രകടിപ്പിച്ചതെന്തുകൊണ്ട്?
31. ലക്ഷ്മണൻെറ ക്രോധത്തിന് കാരണമെന്ത്?
32. മാൻപേട വേണുഗാനം ആസ്വദിച്ചതെങ്ങിനെ?

**VI. ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും എഴുതുക (രണ്ടെണ്ണത്തിന്)** **(2x3=6)**

33. വായ്ക്കൊണ്ട പുല്ലെല്ലാം പാതിചവച്ചങ്ങു
    വായ്ക്കുന്ന ബാഷ്പമൊഴുക്കിനിന്നു
34. ജന്തുക്കൾ ഭക്ഷിച്ചു കാഷ്ടിച്ചു പോകിലാം
    നന്നല്ല ദേഹം നിമിത്തം മഹാമോഹം
35. എല്ലാ കൊച്ചിയാൻമാരും കള്ളന്മാരാണ്.

**VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക (രണ്ടെണ്ണത്തിന്)** **(2x5=10)**

36. വേണുഗാനം എന്ന കവിതക്ക് ഒരാസ്വാദനം തയ്യാറാക്കുക?
37. ജന്തുശാത്രപഠനം നമുക്ക് ഉപകാരപ്രധമായിത്തീർന്നതെങ്ങിനെ?.
38. ഏകലവ്യൻ അസ്ത്രവിദ്യ പഠിച്ചതെങ്ങിനെ?

**VIII. നൂറുവാക്കിൽ ഉത്തരമെഴുതുക (രണ്ടെണ്ണത്തിന്)** **(2x7=14)**

39. തിന്മയുടെ മേലുള്ള നന്മയുടെ വിജയമായി ‘‘കർമ്മഭൂമിയുടെ പിഞ്ചുകാൽ’’ എന്ന കവിതയെ വിലയിരുത്തുക
40. കഢുഗണ്ണാവയിലെത്തിയ വേണുഗോപാലിനുണ്ടായ അനുഭവങ്ങളെന്തൊക്കെ?.
41. ഹാസ്യത്തിനു കാരണമായിത്തീരുന്ന സിദ്ധാന്തമേതൊക്കെ?

**IX.** **ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക (ഒരെണ്ണത്തിന്)** **(1x4=4)**

42. a) വിദ്യാധനം സർവ്വധനാൽ പ്രധാനം.

b) അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നുപകാരത്തിന്നായ് വരേണം.

43. a)**പദം പിരിച്ച് സന്ധി നിർണ്ണയിക്കുക (നാലെണ്ണത്തിന്)** **(4x1=4)**

1) പൊട്ടിച്ചിരിച്ചു 2) അതിനായി 3) കണ്ണീർ
4) തീപ്പെട്ടി 5) കാത്തിരുന്നു 6) വാഴയില

44. **b)വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുക (നാലെണ്ണത്തിന്)** **(4x1=4)**

1) മഹാനിധി 2) സഹോദരീസഹോദരന്മാർ 3) ഇരുപുറം
4) താമരക്കണ്ണൻ 5) വഴിവക്ക് 6) ദിവ്യകഥകൾ

45. a) **വിപരീതപദമെഴുതുക (രണ്ടെണ്ണത്തിന്)** **(2x1=2)**

1) ധർമ്മം 2) നേട്ടം
3) ഉയർച്ച 4) ഇഷ്ടം

46. **b) പര്യായപദമെഴുതുക (രണ്ടെണ്ണത്തിന്)** **(2x1=2)**

1) വെള്ളം 2) മനസ്സ്
3) മനുഷ്യൻ 4) ഭൂമി

47. a) **വൃത്തം നിർണ്ണയിക്കുക (ഒരെണ്ണത്തിന്)** **(1x4=4)**

1. വത്സസൌമിത്രേ കുമാര നീ കേൾക്കണം
   മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൽ
2. ചാലെനിറന്നുള്ളൊരാലിൻ മുരടങ്ങു
   കോലക്കുഴലുമായ് ചെന്നുടനെ.

48. **b. അലങ്കാരം നിർണ്ണയിക്കുക** **(1x4=4)**

1. കഞ്ചൻ തൻ നെഞ്ചിനൊടൊത്ത കരിങ്കല്ലു-
   മഞ്ചിതമായൊരു പാട്ടു കേട്ടു.

49. **പദങ്ങൾ പിരിച്ചെഴുതുക** **(2)**

**നിന്നാലസാധ്യമായില്ലൊരു കർമ്മവും**
**നിർണ്ണയമെങ്കിലുമൊന്നിതു കേൽക്കനീ**

50. **വാക്യത്തിൽ പ്രയോഗിക്കുക (നാലെണ്ണത്തിന്)** **(4x1=4)**

1) ദുസ്സഹം 2) ചരിത്രാതീതകാലം 3)ദീർഘകാലം
4) അനുയോജ്യം 5) ഉത്തരവാദിത്തം 6) കൈവശം

****************